പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 417** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>മടങ്ങിയെത്തിയ പ്രവാസികൾക്കായുള്ള പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. വി. ടി. ബൽറാം

ശ്രീ. മനോജ് മൂത്തേടൻ

ശ്രീ. ടോണി ചമ്മണി

ശ്രീ. മുഹമ്മദ് ഷിയാസ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** മടങ്ങിയെത്തിയ പ്രവാസികളെ സംസ്ഥാനത്തെ വ്യവസായ മേഖലയിലേക്ക് ആകർഷിക്കുന്നതിനായി പ്രത്യേക ആനുകൂല്യങ്ങളും സബ്സിഡികളും നൽകുന്ന പദ്ധതികൾ ആവിഷ്കരിയ്ക്കുമോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ ആഗോള മലയാളി പ്രവാസികളുടെ വലിയ സാധ്യതയും സംഭാവനയും മനസ്സിലാക്കി 'NORKA PRIVATE INDUSTRIAL ESTATE SCHEME (NPIE) – 2025' എന്ന പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ട്.

**(ബി)** പ്രവാസി സംരംഭങ്ങൾക്കായി പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ കൂടുതൽ സേവനങ്ങൾ കാര്യക്ഷമമായി നൽകുന്ന രീതിയിൽ സെല്ലിന്റെ പ്രവർത്തനം പരിഷ്കരിയ്ക്കുമോ; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** കേരളത്തിലേക്ക് പ്രവാസി നിക്ഷേപം ആകർഷിക്കുന്നതിനും, കേരളീയരായ പ്രവാസി സംരംഭകരെ സഹായിക്കുന്നതിനുമായി നോർക്ക റൂട്ട്സിന് കീഴിൽ നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ (NBFC) എന്ന പേരിൽ ഒരു പ്രത്യേക സെൽ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്. നിലവിൽ പ്രവാസി സംരംഭകർക്ക് ആവശ്യമായ പ്രോജക്ട് റിപ്പോർട്ടുകൾ (DPR) തയ്യാറാക്കൽ, നോർക്ക റൂട്ട്സ്, വ്യവസായ വകുപ്പ്, മറ്റുള്ള കേന്ദ്ര-സംസ്ഥാന പദ്ധതികളിലൂടെയുള്ള സബ്സിഡി ഏകോപനം, ബാങ്ക് ലോൺ, വിവിധ സർക്കാർ വകുപ്പുകളിൽ നിന്നുള്ള അനുമതികൾ സുഗമമാക്കൽ എന്നിവ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാകുന്നുണ്ട്. പ്രവാസികൾക്ക് കൂടുതൽ എളുപ്പത്തിൽ സേവനങ്ങൾ ഉറപ്പാക്കുന്നതിനായി ആധുനിക ഐ.ടി അധിഷ്ഠിത ഓൺലൈൻ പോർട്ടൽ സംവിധാനങ്ങളും വർക് ഫ്ലോ രീതികളും ഉൾപ്പെടുത്തി ഈ സെല്ലിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ട്.

**സെക്ഷൻ ഓഫീസർ**